# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

LMS LPS

മംഗലത്തുകോണ

വിദ്യാലയത്തിന്റെ
പേര് : LMS LPS മംഗലത്തുകോണം

ഉപജില്ല : ബാലരാമപുരം

വിദ്യാഭ്യാസജില്ല : നെയ്യാറ്റിൻകര

ജില്ല : തിരുവനന്തപുരം.

# ഉള്ളടക്കം

- ആമുഖം
  - സ്കൂളിനെക്കുറിച്ചുള്ള പൊതുചിത്രം
  - ആകെ ക്ലാസ്സുകൾ
  - കുട്ടികളുടെ എണ്ണം
  - അധ്യാപകരുടെ എണ്ണം
  - സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ.
- കാഴ്ചപ്പാട്.
  - ഭാവിയിൽ ഈ വിദ്യാലയം.
- പൊതു ലക്ഷ്യങ്ങൾ
- അക്കാദമിക പ്രവർത്തനങ്ങൾ
  - ഭാഷ
  - ഗണിതം
  - പരിസരപഠനം
  - English
  - IT
  - ടാലന്റ് ലാബ്
  - ആരോഗ്യകലാകായികപഠനം
  - ക്ലാസ് PTA.
  - ഭിന്നശേഷി സൗഹൃദ ക്ലാസ്റൂമുകൾ
- പ്രവർത്തന വിശദാംശം

# ആമുഖം

130 വർഷം പിന്നിട്ട ചരിത്രമാണ് മംഗലത്തുകോണം എൽ.എം.എസ് എൽ.പി. സ്കൂളിനുള്ളത്. സാമുവൽ മെറ്റീർ മിഷണറിയുടെ 1886-ലെ റിപ്പോർട്ടിൻ പ്രകാരം ഇന്ന് വിദ്യാലയം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് വെങ്ങാനൂർ ഉച്ചക്കട സ്വദേശിയായ അർക്കനാശാൻ ഒരു പള്ളിക്കൂടം നടത്തിയിരുന്നു. 1889-ൽ മെറ്റീർ മിഷനറിയുടെ പ്രവർത്തന ഫലമായി ഈ കുടിപ്പള്ളിക്കൂടത്തിൽ ആരാധന ആരംഭിച്ചു. 1915-ൽ സഭയോടു ചേർന്ന് ലോവർ പ്രൈമറി സ്കൂൾ സ്ഥാപിതമായി. സ്കൂളിന്റെ വികസനത്തിനായി ശ്രീ. ശങ്കരപ്പണിക്കർ നൽകിയ 65 സെന്റ് സ്ഥലത്തിൽ ഒരു കെട്ടിടം നിർമ്മിച്ച് ഞായറാഴ്ച ദിവസങ്ങളിൽ ആരാധനയും മറ്റു ദിവസങ്ങളിൽ ക്ലാസ്സുകളും നടത്തി. വർഷങ്ങൾക്കു ശേഷം

ഷീറ്റിട്ട
പുതിയ കെട്ടിടം നിർമ്മിച്ച് ക്ലാസ്സുകൾ അങ്ങോട്ടു മാറ്റി. ഈ കെട്ടിടവും ക്രമേണ ജീർണിക്കാൻ തുടങ്ങി. 2018-ൽ ഓഖി കൊടുങ്കാറ്റിൽ കെട്ടിടത്തിന്റെ മേൽക്കൂര തകരുകയും കെട്ടിടത്തിന് ബലക്ഷയം സംഭവിക്കുകയും ചെയ്തു. ഇത് LMS മാനേജ്മെന്റിനെ അറിയിക്കുകയും അധ്യാപകരുടെയും ഹെഡ്മിസ്ട്രസിന്റെയും PTA യുടെയും ശ്രമഫലമായി LMS മാനേജ്മെന്റ് ഇപ്പോൾ സ്ഥിതി ചെയ്യുന്ന ബഹുനില കെട്ടിടം നിർമ്മിച്ചു. 2019 മാർച്ച് 4-ാം തിയതി ഇന്നിരിക്കുന്ന ബഹുനില കെട്ടിടം ഉദ്ഘാടനം നടന്നു.

ഈ വിദ്യാലയത്തിലൂടെ ഇന്ത്യക്ക് അകത്തും പുറത്തുമായി സേവനം അനുഷ്ഠിക്കുന്ന അനേകം മഹത് വ്യക്തികളെ ഈ സ്ഥാപനത്തിലൂടെ സംഭാവന ചെയ്യാൻ സാധിച്ചിട്ടുണ്ട്.

ബിൽഡിങ്
പുതിയ കെട്ടിടം നിർമ്മിച്ച് ക്ലാസ്സുകൾ അങ്ങോട്ടു മാറ്റി. ഈ കെട്ടിടവും ക്രമേണ ജീർണ്ണിക്കാൻ തുടങ്ങി. 2018-ൽ ഓഖി കൊടുങ്കാറ്റിൽ കെട്ടിടത്തിന്റെ മേൽക്കൂര തകരുകയും കെട്ടിടത്തിന് ബലക്ഷയം സംഭവിക്കുകയും ചെയ്തു. ഇത് LMS മാനേജ്മെന്റിനെ അറിയിക്കുകയും അധ്യാപകരുടെയും വെൽവിഷേഴ്സിന്റെയും PTA യുടെയും ശ്രമഫലമായി LMS മാനേജ്മെന്റ് ഇപ്പോൾ സ്ഥിതി ചെയ്യുന്ന ബഹുനില കെട്ടിടം നിർമ്മിച്ചു. 2019 മാർച്ച് 4-ാം തിയതി ഇന്നിരിക്കുന്ന ബഹുനില കെട്ടിടം ഉദ്ഘാടനം നടന്നു.

ഈ വിദ്യാലയത്തിലൂടെ ഇന്ത്യക്ക് അകത്തും പുറത്തുമായി സേവനം അനുഷ്ഠിക്കുന്ന അനേകം മഹത് വ്യക്തികളെ ഈ സ്ഥാപനത്തിലൂടെ സംഭാവന ചെയ്യാൻ സാധിച്ചിട്ടുണ്ട്.

ഈ സ്കൂളിന്റെ സമീപപ്രദേശങ്ങളിൽ സാമൂഹികമായും, സാമ്പത്തികമായും വളരെ പിന്നോക്കം നിൽക്കുന്ന നെയ്ത്ത് തൊഴിലാളികളുടെയും കർഷക തൊഴിലാളികളുടെയും മക്കളെ സാമൂഹികമായും, വിദ്യാഭ്യാസപരമായും ഉയർത്തിക്കൊണ്ടു വരിക എന്ന ലക്ഷ്യത്തോടെയാണ് ഈ സ്കൂൾ പ്രവർത്തിച്ചു വരുന്നത്

BRC, SMC, PTA, MPTA ഇവയുടെ നല്ല നിർദ്ദേശങ്ങൾ സ്കൂളിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നു. മാസത്തിലൊരിക്കൽ Class PTA കൂടുന്നു. 'വീടൊരു വിദ്യാലയം' പരിപാടിയുടെ തുടർപ്രവർത്തനമായി അധ്യാപകർ കുട്ടികളുടെ വീടുകൾ സന്ദർശിച്ച് അവർക്ക് പഠനത്തിന് വേണ്ട പിന്തുണ നൽകിക്കൊണ്ടിരിക്കുന്നു.

# കാഴ്ചപ്പാട്

കുട്ടിയുടെ സമഗ്ര വികാസമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രമായി മാറണം. പൊതു വിദ്യാലയത്തിൽ എത്തിച്ചേരുന്ന കുട്ടികൾക്ക് ആൺ പെൺ വ്യത്യാസമില്ലാതെ അവസര തുല്യത, സാമൂഹിക നീതി എന്നിവ ഉൾച്ചേർന്നു കൊണ്ടുള്ള ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ നമുക്ക് കഴിയണം. സമൂഹം മുഴുവൻ ഒന്നിച്ചു അണിചേർന്നു മാത്രമേ ഇത് സാധ്യമാകൂ.

അന്താരാഷ്ട്ര നിലവാരത്തിൽ ഉയർന്ന വിധത്തിലുള്ള പഠനസാഹചര്യങ്ങൾ വിദ്യാലയങ്ങളിൽ ഉറപ്പുവരുത്തണം. വിദ്യാലയം ഭിന്നശേഷി സൗഹൃദ വിദ്യാലയം ആകണം. ജൈവ വൈവിധ്യ ഉദ്യാനം, ICT ഇവ ഫലപ്രദമായി ഉപയോഗപ്പെടുത്തണം. വിദ്യാലയം പ്ലാസ്റ്റിക് വിമുക്തമായിരിക്കണം.

വിദ്യാലയങ്ങൾ ലഹരി വിമുക്തമായിരിക്ക ഇത് സമൂഹത്തിലേക്ക് വ്യാപിപ്പിക്കണ

സർഗപരമായ എല്ലാ കഴിവു വികസിപ്പിക്കുന്ന വിദ്യാഭ്യാസമാണ് സമഗ്ര വിദ്യാഭ്യാസം. ഓരോ വിദ്യാർത്ഥി യെയും കഴിവുകൾ കണ്ടെത്തി അത് വികസിപ്പിച്ചെടുക്കാൻ നമുക്ക് കഴിയണം ഇതിനായി ടാലന്റ് ലാബ്, വിവിധ ക്ലബ്ബുക ഉപയോഗപ്പെടുത്തണം.

വിദ്യാലയം ഭിന്നശേഷി സൗഹൃ വിദ്യാലയം ആയിരിക്കണം. ഇത്തരം കുട്ടികൾ ആവശ്യമായ എല്ലാ സൗകര്യങ്ങളും വിദ്യാലയ ത്തിൽ ഉണ്ടായിരിക്കണം. പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്ത അവർക്ക് പ്രത്യേകം ക്ലാസുകൾ ക്രമീകരിച്ച് അവരെ മുൻനിരയിലേക്ക് കൊണ്ടുവരണ

സ്കൂളും ക്ലാസുകളും ആകർഷകമാക്കണ കുടിവെള്ള സൗകര്യം ഓരോ ക്ലാസിലും ഒരു ക്കണം. ICT സാധ്യതകൾ എല്ലാ ക്ലാസുകളിലും ഉപയോഗപ്പെടുത്തണം ക്ലാസ് ലൈബ്രറി, ഗണിതലാബ് ഉപയോഗ പ്പെടുത്തണം.

ഭക്ഷണശാല, നമ്മുടെ സ്കൂളിൽ ആവശ്യമാണ്.

# പൊതുലക്ഷ്യങ്ങൾ

- എല്ലാ വിദ്യാലയങ്ങളും ഭിന്നശേഷി സൗഹൃദ വിദ്യാലയങ്ങളാകണം.
- എല്ലാ കുട്ടികൾക്കും ഗുണമേന്മയും സമഗ്രവുമായ വിദ്യാഭ്യാസം ഉറപ്പാക്കണം.
- അന്താരാഷ്ട്ര നിലവാരത്തിൽ കുട്ടികളെ എത്തിക്കുക.
- കുട്ടികളുടെ മാതൃഭാഷാ നിലവാരം ഉയർത്തുക.
- എല്ലാ കുട്ടികളിലും വായനാശീലം വളർത്തുക.
- Class ലൈബ്രറി, School ലൈബ്രറി ഇവ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- എല്ലാ ക്ലാസ് റൂമുകളും Smart-class room ആക്കുക.
- എല്ലാ വിഷയങ്ങളിലും കുട്ടികൾക്ക് താല്പര്യം ഉണ്ടാക്കുക. സചിത്രപാഠപുസ്തകം തയ്യാറാക്കുക
- കുട്ടികളുടെ കലാ-കായിക കഴിവുകൾ വളർത്തുക.
- മിശ്ര പഠന രീതി പ്രോത്സാഹിപ്പിക്കുക.
പ്രോത്സാഹിപ്പിക്കുക

- കലാ കായിക കഴിവുകൾ പ്രകടിപ്പി
അവസരം ഒരുക്കുക. (including Aerob
- സ്കൂളിൽ ജൈവ വൈവിധ്യ ഉദ്യാന
ഒരുക്കുക. (ഔഷധവൃക്ഷങ്ങൾ - സസ്യങ്ങ
അതിനെ പരിചരിക്കുക.
- വിദേശ പഠന രീതിയിലൂടെ ക്ലാസുകൾ നട
പഠനപ്രവർത്തനങ്ങൾ നല്കുമ്പോൾ
സാങ്കേതിക വിദ്യ കൂടി ഉൾപ്പെടുത്തു
- സർഗാത്മക പ്രവർത്തനങ്ങൾ കൂടുതൽ
നല്കി സാമൂഹിക വികാസ മേഖലയിൽ
കുട്ടിക്ക് ഉണ്ടായ പഠനവിടവ് നികത്തു
- വൈജ്ഞാനിക മേഖലയിലെ പ്രവർത്തന
(ഗണിതം, പരിസരപഠനം) പ്രക്രിയാധിഷ്ഠി
മാവണം. (ഒരു പ്രവർത്തനം പൂർത്തിയ
കുമ്പോൾ ഞാൻ എന്താണ് നേടിയതെന്ന്
കുട്ടിക്ക് സ്വയം തിരിച്ചറിയാൻ കഴിയണ
- ഭിന്നശേഷി കുട്ടികളെ നേരത്തെ കണ്ടെ
ആവശ്യമായ പിന്തുണ നല്കുക.
- ഗോത്രവിഭാഗങ്ങൾ, ദുർബലജനവിഭാഗ
(SC, ST, ചേരിപ്രദേശം, etc) തുടങ്ങിയവ
പരിഗണന നൽകുക. (കലാരൂപങ്ങൾ
പ്രോത്സാഹിപ്പിക്കുക
- ക്ലാസിൽ ലിംഗപരമായ വിവേചനം പാ
- Talent lab, Class library പ്രയോജനപ്പെടു
ശ്രദ്ധിച്ച് വായനം വളർത്തുക.
- പഠനത്തിൽ പിന്നോക്കക്കാരെ മുൻനിരയിലേ

# മലയാളം

## ആമുഖം

കേവലമായ ആശയവിനിമയോപാധി എന്നതിനപ്പുറം ഭാഷ ഒരു ജനതയുടെ സാമൂഹികവും സാംസ്കാരികവുമായ ജീവിതത്തിന്റെ പ്രതിഫലനം തന്നെയാണ്. മനുഷ്യൻ സ്വന്തം വികാരവിചാരങ്ങൾ പ്രകടിപ്പിക്കുന്നതും സർഗാത്മകാവിഷ്കാരങ്ങൾ നടത്തുന്നതും കലാസൃഷ്ടികൾ ആസ്വദിക്കുന്നതും ഭാഷ ഉപയോഗപ്പെടുത്തിയാണ്. മനുഷ്യന്റെ വളർച്ചയിലും വികാസത്തിലും ഭാഷ നിർണായക പങ്കാണ് വഹിക്കുന്നത്. നമ്മുടെ വിദ്യാലയത്തിലെ വ്യത്യസ്ത നിലവാരക്കാരായ കുട്ടികളെ പഠനമികവിലേക്ക് ഉയർത്താൻ ഏറ്റെടുത്ത പ്രവർത്തനങ്ങൾ.

## ലക്ഷ്യങ്ങൾ

1. എഴുത്തിലും വായനയിലുമുള്ള പിന്നാക്കാവസ്ഥ പരിഹരിക്കുക
2. വായനയിലൂടെ കുട്ടിയുടെ പഠനനിലവാരം മെച്ചപ്പെടുത്തുക.
3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കി മാറ്റുക
4. വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുക
5. വായനസാമഗ്രികൾ കണ്ടെത്തുക
6. ഭാഷയുമായി ബന്ധപ്പെട്ട ഐ സി ടി സാധ്യതകൾ
7. ഗ്രന്ഥശാല പരിചയപ്പെടൽ, അംഗത്വം
8. ദിനാചരണങ്ങളും ആൽബം തയ്യാറാക്കലും
9. സചിത്ര പാഠപുസ്തകം തയ്യാറാക്കൽ

| ക്രമ നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1 | മലയാളത്തിളക്കം<br>പ്രീ-ടെസ്റ്റ് | ജൂൺ - ഫെബ്രുവരി | 1-4 | 1 |
| | | ജൂൺ, ജൂലൈ | 1, 2 | |
| | | ജൂൺ | 3, 4 | |
| | • അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• വാക്കുകൾ നിർമാണം<br>• വാക്യ നിർമാണം | ജൂൺ - ഫെബ്രുവരി | 1, 2 | |
| | • ചിത്രങ്ങൾക്ക് അടിക്കുറിപ്പ്<br>• ചിത്രം നോക്കി കഥ പറയുക എഴുതുക | ജൂലൈ, ആഗസ്റ്റ് | 3, 4 | 3, 4 |
| | • കഥ പൂർത്തിയാക്കുക | | 1-4 | |
| | • വായന കാർഡ് നൽകൽ<br>• കഥാപുസ്തകം നൽകൽ | സെപ്റ്റംബർ ഫെബ്രുവരി | | 2, 4, 5 |
| | • CD-യിലെ ചിത്രം നിരീക്ഷിച്ച് വാക്യം പറയൽ, എഴുതൽ | | | 6 |
| 2. | വായനക്കൂട്ടം | | | |
| | • ക്ലാസ്സ് വായനക്കൂട്ടം<br>• ക്ലാസ്സ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി- നവീകരണം<br>• സമീപ ഗ്രന്ഥശാല- സന്ദർശനം | ജൂൺ - ഫെബ്രുവരി | 1-4 | 1, 2, 4, 5 |
| | • ഗ്രന്ഥശാല അംഗത്വം | ജൂൺ | 3, 4 | 7 |
| | • പത്രവായന | ജൂൺ - ഫെബ്രുവരി | 3, 4 | |

| ക്രമ നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|
| | • അമ്മ വായന | ജൂലൈ-ഫെബ്രുവരി | 1-4 | 7 |
| | • പുസ്തക ചർച്ച | | | |
| | • വായനാനുഭവം പങ്കുവയ്ക്കൽ | | | |
| | • ദിനാചരണങ്ങൾ | | | |
| | • ആസ്വാദനം പറയൽ | | | 8 |
| | • ആശയഗ്രഹണ വായന | | | 4 |
| | • എന്റെ റഫറൻസ് പുസ്തകം | | | 5 |
| 3 | എഴുത്തുകൂട്ടം | ജൂൺ-ഫെബ്രുവരി | 1-4 | 1,2 |
| | • ക്ലാസ് ലൈബ്രറി | | | |
| | • ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | | | 4 |
| | • ചുമർപത്രിക | | | |
| | • വായനക്കുറിപ്പ് | | | |
| | • പതിപ്പ് തയ്യാറാക്കൽ | | | |
| | • കൈയെഴുത്തു മാസിക | | | |
| | • ഡയറി എഴുതൽ | | | |
| | • നോട്ടീസ് തയ്യാറാക്കൽ | | | |
| | • നാടകരചന | | | |

# പ്രോജക്ട് - മലയാളം

1. പ്രീ-ടെസ്റ്റ്

പ്രീടെസ്റ്റ് നടത്തി പിന്നാക്കക്കാരെ കണ്ടെത്തുന്നു.

2. അക്ഷരം ഉറപ്പിക്കൽ

പദകാർഡ്, ചിത്രങ്ങൾ, അക്ഷരകാ അക്ഷരപ്പാട്ട്, ആവർത്തിച്ചു വരുന്ന വാക്കുക എന്നിവയിലൂടെ അക്ഷരം ഉറപ്പിക്കുന്നു.

3. അടയാളം ഉറപ്പിക്കൽ

ചിത്രങ്ങളുടെയും പത്രകട്ടിംഗുകള വായനകാർഡുകളുടെയും സഹായത്താൽ അട ങ്ങൾ ഉറപ്പിക്കുന്നു.

4. വാക്കുകൾ, വാക്യങ്ങൾ എന്നിവ നിർമിക്കൽ

അക്ഷരകാർഡുകളിലൂടെ വാക്കുകൾ നി ക്കുന്നു. വാക്കുകളിൽ നിന്ന് വാക്യരൂപീകര

5. ചിത്രങ്ങൾക്ക് അടിക്കുറിപ്പ്

ചിത്രങ്ങൾ നൽകിയും ഐ സി ടി സാധ്യ ഉപയോഗിച്ചും അടിക്കുറിപ്പ് പറയുന്നു. എഴു

6. കഥ പൂർത്തിയാക്കൽ

ഒരു കഥയുടെ കുറച്ചു ഭാഗം നൽകുന്ന ബാക്കി ഭാഗം പൂർത്തിയാക്കി പറയുന്നു. എഴു

7. വായനകാർഡ്, ലൈബ്രറി പുസ്തകം

ഇവ വായിച്ച് കുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു.

8. ഐ സി ടി, സി ഡി പ്രദർശനം

പ്രദർശിപ്പിച്ച ചിത്രത്തെക്കുറിച്ച് പറയുന്നു എഴുതുന്നു.

9. ക്ലാസ് വായനക്കൂട്ടം / ക്ലാസ് ലൈബ്രറി

ക്ലാസ് ലൈബ്രറിയിൽ നിന്ന് അവർക്കിഷ്ടമുള്ള പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായിക്കുന്നു.

10. സ്കൂൾ ലൈബ്രറി നവീകരണം

പുസ്തകങ്ങൾ ക്രമീകരിക്കൽ, പുസ്തക വിതരണം, പുസ്തക ക്ലിനിക്ക്, പുസ്തകശേഖരണം തുടങ്ങിയവ

11. ഗ്രന്ഥശാല

സമീപ ഗ്രന്ഥശാല പരിചയപ്പെടൽ, അംഗത്വം എടുക്കൽ

12. അമ്മ വായന

സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായിക്കുന്നതിന് അമ്മമാർക്ക് അവസരം നൽകുന്നു.

13. പത്രവായന

പത്രങ്ങൾ വായനയ്ക്കായി നൽകുന്നു. അതിലൂടെ ആനുകാലിക അറിവും നേടുന്നു.

14. ദിനാചരണം – വായനവാരം

വായനാനുഭവം പങ്കുവയ്ക്കൽ, ആസ്വാദനം പറയൽ, വായിച്ച പുസ്തകത്തെക്കുറിച്ച് ചർച്ച, കുറിപ്പ്, ആസ്വാദനക്കുറിപ്പ് എന്നിവ തയ്യാറാക്കൽ, ചിത്രം വരയ്ക്കൽ തുടങ്ങിയവ

15. എന്റെ റഫറൻസ് പുസ്തകം

പത്രങ്ങളിൽ നിന്നു കിട്ടുന്ന അക്ഷരമുറ്റം, പഠിപ്പുര, കിളിവാതിൽ, വിദ്യ തുടങ്ങിയവ ശേഖരിച്ച് ക്ലാസ്സുകളിൽ റഫറൻസ് പുസ്തകം തയ്യാറാക്കുന്നു.

16. വിദ്യാരംഗം / ഭാഷാ ക്ലബ്ബ്

നാടൻപാട്ട്, പാട്ട്, കവിത, കടങ്കഥ, ചിത്രരചന, ജലച്ഛായം തുടങ്ങിയവ അവതരിപ്പിക്കുന്നതിനും പരിശീലനം നൽകുന്നതിനും അവസരം ഒരുക്കുന്നു.

17 കൈയെഴുത്തു മാസിക

കുട്ടികളുടെ സൃഷ്ടികൾ ഉപയോഗിച്ച് ക്ലാസ്സുകളിൽ കൈയെഴുത്തു മാസിക തയ്യാറാക്കുന്നു.

18. ഭിന്നശേഷിക്കാരെ പരിഗണിക്കൽ

BRC, IED Teachers എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

19. സചിത്ര പാഠപുസ്തകം തയ്യാറാക്കൽ

20. ഡയറിയെഴുത്ത് പ്രോത്സാഹിപ്പിക്കൽ സംയുക്ത ഡയറി തയ്യാറാക്കൽ.

# ഗണിതം

## ആമുഖം

താൻ ജീവിക്കുന്ന ചുറ്റുപാടിനെ അടുത്തറിയുവാനും സമൂഹത്തിന്റെ ഭാഗമായി ജീവിക്കുവാനും ഒരാളെ പ്രാപ്തനാക്കുന്നതിൽ ഗണിതപഠനത്തിന് വലിയ പ്രാധാന്യമുണ്ട്. തനിക്കു ചുറ്റുമുള്ള ലോകത്തെ ഗണിതപരമായി നോക്കികാണാൻ കഴിയുക എന്നത് കുട്ടി നേടേണ്ടുന്ന ഗണിതശേഷിയാണ്. ദൈനംദിന ജീവിതത്തിൽ പ്രായോഗിക പ്രശ്നങ്ങൾ കൃത്യതയോടും സൂക്ഷ്മതയോടും കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് ഗണിതപഠനത്തിലൂടെ വികസിക്കുന്നു.

## ലക്ഷ്യങ്ങൾ ഉദ്ദേശ്യങ്ങൾ

1. എല്ലാ കുട്ടികൾക്കും ഗണിതത്തിൽ താല്പര്യം വളർത്തിയെടുക്കുന്നതിന്
2. ഗണിതാശയങ്ങൾ കുട്ടിയിൽ ഉറയ്ക്കുന്നതിന്
3. ഗണിതപരമായ ചിന്താശേഷി വളർത്തുന്നതിന്
4. സംഖ്യാബോധവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും കുട്ടിയിൽ ഉറയ്ക്കുന്നതിന്
5. ചതുഷ്ക്രിയകൾ നിർധാരണം ചെയ്യുന്നതിന്
6. പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിന്
7. ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നതിന്
8. ഗണിതലാബിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്
9. ഭാരം, നീളം, സമയം തുടങ്ങിയ മേഖലകളിലെ ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ്, പ്രശ്നനിർധാരണശേഷി എന്നിവ കൈവരിക്കുന്നതിന്
10. കലണ്ടറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്നതിന്
11. കറൻസിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രായോഗിക ജീവിതത്തിൽ പ്രയോജനപ്പെടുത്തുന്നതിന്.

| ക്രമ നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1 | ഗണിതവിജയം | ജൂൺ - ഫെബ്രുവരി | 1-4 | |
| | • പ്രീ-ടെസ്റ്റ് | | | 1, 2, |
| | • സംഖ്യാ കാർഡുകൾ | ജൂൺ, ജൂലൈ | 1, 2 | 3, 4 |
| | • സംഖ്യാ റിബൺ | ജൂൺ | 3, 4 | |
| | • സംഖ്യാ പുഷ്പം | | | |
| | • സംഖ്യാ പാറ്റേൺ | | | |
| | • അബാക്കസ് | | | |
| 2. | ചതുഷ്ക്രിയകൾ | ജൂൺ - ഫെബ്രുവരി | 1-4 | 5, 6 |
| | • തുക കണ്ടെത്താം | | | |
| | • വ്യത്യാസം കണ്ടെത്തൂ | | | |
| | • വില കണ്ടെത്തൂ | | | |
| | • തൂക്കം കണ്ടെത്തൂ | | | |
| | • പ്രായോഗിക പ്രശ്നങ്ങൾ | | | |
| | • സംഖ്യാ വ്യാഖ്യാനം | | | |
| 3. | ജ്യാമിതീയ രൂപങ്ങൾ | ഡിസംബർ, ജനുവരി | 1, 2 | 7 |
| | • ത്രികോണം, ചതുരം, വൃത്തം എന്നീ രൂപങ്ങൾക്ക് നിറം നൽകൽ | സെപ്റ്റംബർ, ഒക്ടോബർ | 3, 4 | |
| | • വിവിധ രൂപങ്ങൾ വരയ്ക്കൽ | | | |
| | • ആശംസാ കാർഡ് തയ്യാറാക്കൽ | | | |
| | • ആകൃതിക്കനുസരിച്ച് വസ്തുക്കളെ പട്ടികപ്പെടുത്തൽ | | | |
| | • ജ്യാമിതീയ പാറ്റേണുകൾ | | | |

| ക്രമ നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ആഴ്ച്ച | ലക്ഷ്യം |
|---|---|---|---|---|
| 4 | മെട്രിക് അളവുകൾ (നീളം, ഭാരം, സമയം)<br>• നീളം ഊഹിച്ചെഴുതൽ<br>• നീളം അളക്കൽ<br>• നീളത്തിന്റെ അളവുകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ<br>• ഭാരവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ<br>• ക്ലോക്ക്/വാച്ച് നോക്കി സമയം കണ്ടെത്തൽ<br>• സമയം am, pm ഉപയോഗിച്ച് പറയൽ<br>• സമയവിവരപട്ടിക ഉപയോഗിച്ച് നിഗമനത്തിലെത്തൽ<br>• സമയദൈർഘ്യം ഊഹിച്ചു പറയൽ<br>• മണിക്കൂർ, മിനിറ്റ്, സെക്കന്റ് എന്നിവ തിരിച്ചറിയുന്നു | ഡിസംബർ, ജനുവരി, ഫെബ്രുവരി | 1-4<br>1, 2,<br>3, 4 | 9 |
| 5. | കലണ്ടർ<br>കലണ്ടറിൽ നിന്ന് വിവിധ വർഷങ്ങൾ കണ്ടെത്തുന്നു.<br>• സമയരേഖ<br>• കലണ്ടർ പൂർത്തിയാക്കാം | | | 10 |

| ക്രമ നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| | • കലണ്ടർ കൗതുകം | | | |
| 6 | നാണയങ്ങൾ, കറൻസികൾ | | | 11 |
| | • വില കണ്ടെത്തൂ | | | |
| | • ചില്ലറയാക്കിയപ്പോൾ എത്ര വീതം | | | |
| | • പട്ടിക പൂർത്തിയാക്കാമോ? | | | |
| | • സൈക്കിൾ വാങ്ങാം | | | |
| 7 | ഗണിതലാബ് | | | |
| | • ഗണിതപഠന സാമഗ്രികൾ | ജൂൺ- ഫെബ്രുവരി | 1-4 | 1,8 |
| | • ഉല്പന്നങ്ങൾ | | | |
| | • ശേഖരണം | | | |
| | • പ്രദർശനം | | | |

# പ്രോജക്ട് - ഗണിതം

1. പ്രീ- ടെസ്റ്റ്

പ്രീ- ടെസ്റ്റ് നടത്തി പിന്നാക്കക്കാരെ കണ്ടെത്തുന്നു.

2. സംഖ്യ ഉറപ്പിക്കൽ

സംഖ്യാ കാർഡുകൾ, സംഖ്യാ റിബൺ, സംഖ്യാ പാറ്റേൺ എന്നിവയിലൂടെ സംഖ്യകൾ ഉറപ്പിക്കുന്നു.

3. ഗണിതത്തിൽ താല്പര്യം ഉണ്ടാക്കൽ

സംഖ്യാപുഷ്പം, ~~കളി~~ കളിവണ്ടി തുടങ്ങിയ ചിത്രങ്ങളിലൂടെയും അബാക്കസ്, മഞ്ചാടി, ഈർക്കിൽ, മുത്തുകൾ, സ്ഥാനവില പോക്കറ്റ് തുടങ്ങി ഗണിതലാബിലെ പഠനസാമഗ്രികൾ ഉപയോഗിച്ച് വിവിധ പ്രവർത്തനങ്ങൾ നൽകുന്നതിലൂടെയും കുട്ടികൾക്ക് ഗണിതത്തിൽ താല്പര്യം ഉണ്ടാക്കുന്നു.

4. ചതുഷ്ക്രിയകൾ

സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ നൽകുന്നു.

5. ജ്യാമിതീയ രൂപങ്ങൾ

നിറം നൽകൽ, പാറ്റേണുകൾ നിർമിക്കൽ വിവിധ രൂപങ്ങൾ നിർമിക്കൽ, ജ്യാമിതീയ രൂപങ്ങളുടെ ചുറ്റളവ് കണ്ടെത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ

6 മെട്രിക് അളവുകൾ

നീളം, ഭാരം എന്നിവയുമായി ബന്ധപ്പെട്ട

അളവുകൾ ഊഹിച്ചെഴുതൽ, അളന്നെഴുതൽ, ഒരു സെന്റിമീറ്ററിൽ താഴെ നീളമുള്ള വസ്തുക്കൾ പട്ടികപ്പെടുത്തൽ, അളവുകളുമായി ബന്ധപ്പെട്ട തുക കാണൽ, വ്യത്യാസം കണ്ടെത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ

ക്ലോക്ക് നിർമാണം, ക്ലോക്കിലെ സൂചികൾ നോക്കി സമയം കണ്ടെത്തൽ, am, pm എന്നിവ ഉപയോഗിച്ച് സമയം രേഖപ്പെടുത്തൽ, 24 മണിക്കൂർ ക്ലോക്കിലേക്ക് സമയം മാറ്റി എഴുതൽ സമയദൈർഘ്യം കണ്ടെത്തൽ എന്നിവ.

7 കലണ്ടർ

കലണ്ടർ പൂർത്തിയാക്കൽ, കലണ്ടർ നിർമാണം, അധിവർഷം തിരിച്ചറിയൽ, ജന്മദിനകലണ്ടർ തയ്യാറാക്കൽ, വിവിധ വർഷങ്ങൾ (കൊല്ലവർഷം, ശകവർഷം, ഹിജ്റ വർഷം) അവയിലെ മാസങ്ങൾ എന്നിവ കണ്ടെത്തൽ തുടങ്ങിയവ.

8. നാണയങ്ങൾ, കറൻസികൾ

കളിനോട്ടുകൾ, നാണയങ്ങൾ എന്നിവ നൽകി ദൈനംദിനജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകുന്നു.

9. ഗണിതലാബ്

ഗണിതപഠനവുമായി ബന്ധപ്പെട്ട സാമഗ്രികൾ ശേഖരണം, പ്രദർശനം, ഗണിത ഉല്പന്നങ്ങൾ തുടങ്ങിയവ.

# പരിസരപഠനം

പരിസരത്തെക്കുറിച്ച് പരിസരത്തിലൂടെ പരിസരത്തിനുവേണ്ടി പഠിക്കുന്നതാണ് പരിസരപഠനം. നിരീക്ഷിക്കൽ, വർഗീകരിക്കൽ, അപഗ്രഥിച്ച് നിഗമനത്തിലെത്തൽ, ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ തുടങ്ങി നിരവധി പ്രക്രിയാശേഷികളുടെ വികസനം പരിസരപഠനത്തിലൂടെ സാധ്യമാകണം. നമ്മുടെ പരിസരം, സസ്യജന്തുജാലങ്ങൾ, വിഭവങ്ങൾ എന്നിവ നശിച്ചുപോകാതെയും മലിനപ്പെടാതെയും സൂക്ഷിക്കുവാൻ പരിസരസൗഹൃദമനോഭാവം കുട്ടികളിൽ രൂപപ്പെടണം.

## ലക്ഷ്യങ്ങൾ

1. കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക
2. നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുക
3. പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തുക
4. പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർവമാക്കുക.
5. പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നതിനും
6. ജീവികൾ, സസ്യങ്ങൾ എന്നിവ തരംതിരിക്കുന്നതിന്

7. ലഘു പ്രോജക്ടുകൾ നിർവഹിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന്
8. ആൽബം തയ്യാറാക്കുന്നതിന്
9. നമ്മുടെ രാജ്യം, സംസ്ഥാനം ഇവയെക്കുറിച്ച് കൂടുതലറിയാൻ കഴിയുന്നതിന്
10. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്

| ക്രമ നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1. | ശാസ്ത്ര കൗതുകം<br>പ്രീ ടെസ്റ്റ് | ജൂൺ - ഫെബ്രുവരി | 1 - 4 | 1 |
| | • നിരീക്ഷണം<br>• ജലജീവികൾ, സസ്യങ്ങൾ ജന്തുക്കൾ, പരിസരം, ആകാശം, ഭൂപടം, ഗ്ലോബ്<br>• വർഗീകരണം<br>ജീവികൾ, ചുറ്റുമുള്ള വസ്തുക്കൾ | ജൂൺ - ഫെബ്രുവരി | 1 - 4 | 1,2,6 |
| 2. | ലഘു പരീക്ഷണങ്ങൾ<br>• ജലത്തിന്റെ അവസ്ഥാ മാറ്റങ്ങൾ | ജൂൺ - ഫെബ്രുവരി | 1 - 4 | 5 |
| | • ഖരം, ദ്രാവകം, വാതകം എന്നിവയുടെ പ്രത്യേകതകൾ തെളിയിക്കുന്ന പരീക്ഷണങ്ങൾ<br>• പരീക്ഷണക്കുറിപ്പ് | സെപ്റ്റംബർ ഒക്ടോബർ | 4 | |
| 3. | പ്രോജക്ട് | | | 3,7 |
| | • വിത്തു മുളക്കുന്ന വിവിധ ഘട്ടങ്ങൾ<br>• സസ്യങ്ങളുടെ ഇലകളിലെ സിരാവിന്യാസവും വേരുപടലവും ബീജപത്രങ്ങളുടെ | ജൂൺ, ജൂലൈ | 4 | |

| ക്രമ നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| | എണ്ണവും തമ്മിൽ ബന്ധമുണ്ടോ ? | | | |
| 4 | ആൽബം<br>• സസ്യങ്ങളുടെ ഉണങ്ങിയ ഇലകൾ, വേരുകൾ<br>• പക്ഷികൾ<br>• കലാരൂപങ്ങൾ<br>• കരയിലും ജലത്തിലും ഉള്ള 'ജീവികൾ<br>• തപാൽ സ്റ്റാമ്പ്<br>• സ്വാതന്ത്ര്യസമര സേനാനികൾ (ഇന്ത്യ, കേരളം) | ജൂൺ - ഫെബ്രുവരി | 1- 4 | 8 |
| 5. | ചരിത്രത്തിലേയ്ക്ക്<br>• ഇന്ത്യ - സംസ്ഥാനങ്ങൾ, തലസ്ഥാനം, ഭാഷ, അയൽസംസ്ഥാനം,<br>• കേരളം - ജില്ലകൾ സ്വന്തം പഞ്ചായത്ത്<br>• കലകൾ<br>• ഉത്സവങ്ങൾ | നവംബർ ഡിസംബർ ജനുവരി | 1 - 4 | 9 |
| 6 | പരിസ്ഥിതി പ്രവർത്തനങ്ങൾ<br>• വൃക്ഷത്തൈ നടൽ<br>• ജൈവവൈവിധ്യപാർക്ക്<br>• പൂന്തോട്ട നിർമാണം<br>• പരിസ്ഥിതിബോധവൽക്കരണം<br>• പോസ്റ്റർ രചന | ജൂൺ- ഫെബ്രുവരി | 1 - 4 | 3, 4, 10 |

# പ്രോജക്ട് - പരിസരപഠനം

1. പ്രീ-ടെസ്റ്റ്

പ്രീ-ടെസ്റ്റ് നടത്തി അടിസ്ഥാനപരമായ അറിവ് പരിശോധിക്കുന്നു.

2. നിരീക്ഷണം (ICT സാധ്യത പ്രയോജനപ്പെടുത്തുന്നു)

മത്സ്യത്തിന്റെ ശാരീരിക സവിശേഷതകൾ, കരയിലും ജലത്തിലും സഞ്ചരിക്കാനുള്ള സവിശേഷതകൾ, സസ്യങ്ങളിലെ സിരാവിന്യാസം, വേരുപടലം, പക്ഷികളുടെ സഞ്ചാരം, ആഹാര സമ്പാദനം, ആകാശനിരീക്ഷണം - ചന്ദ്രകലയുടെ വളർച്ച, ഭൂപട നിരീക്ഷണം - ദിക്കുകൾ, സംസ്ഥാനങ്ങൾ, അയൽരാജ്യങ്ങൾ, അയൽ സംസ്ഥാനങ്ങൾ, ജില്ലകൾ

3. വർഗീകരണം

ജീവികളെ വാസസ്ഥലത്തിന്റെ അടിസ്ഥാനത്തിൽ, വസ്തുക്കൾ സ്ഥിതിചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ (ഖരം, ദ്രാവകം, വാതകം) എന്നിങ്ങനെ തരംതിരിക്കുന്നു.

4. ലഘുപരീക്ഷണങ്ങൾ

ഗ്രഹങ്ങൾ/ ഉപഗ്രഹങ്ങൾ, പകലും രാത്രിയും, ഭ്രമണം/ പരിക്രമണം, ജലത്തിന്റെ അവസ്ഥാമാറ്റങ്ങൾ, വായുവിന്റെ സവിശേഷതകൾ, വസ്തുക്കൾക്ക് ഭാരമുണ്ട്, സ്ഥിതിചെയ്യാൻ സ്ഥലം ആവശ്യമുണ്ട് തുടങ്ങിയ പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. നിഗമനങ്ങൾ കണ്ടെത്തുന്നു. പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു

5. ലഘുപ്രോജക്ടുകൾ

നെല്ല്, കടുക്, പയർ, തിന, നിലക്കടല എന്നീ വിത്തുകൾ ശേഖരിച്ച് മുളപ്പിക്കുന്നു. ഓരോ ദിവസവും മാറ്റങ്ങൾ നിരീക്ഷിച്ച് ചിത്രങ്ങൾ വരയ്ക്കുന്നു. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നു.

6. ജൈവ വൈവിധ്യ ഉദ്യാനം

വിത്തുശേഖരണം, തൈ നടൽ, പരിചരണം (ജലപ്രയോഗം, ജൈവ വളപ്രയോഗം) പ്ലാസ്റ്റിക് നിർമാർജ്ജനം എന്നീ ഘട്ടങ്ങളിലൂടെ സ്കൂളിൽ ഒരു ജൈവ വൈവിധ്യ ഉദ്യാനം നിർമിക്കുന്നു.

7. ആൽബം

- കരയിലും ജലത്തിലും ഉള്ള ജീവികൾ
- കേരളത്തിലെ സ്വാതന്ത്ര്യസമര സേനാനികൾ
- ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത ധീരദേശാഭിമാനികൾ
- പക്ഷികൾ
- കലകൾ തുടങ്ങിയവയുടെ ചിത്രങ്ങളും
- തപാൽ സ്റ്റാമ്പുകൾ
- വിവിധതരം സസ്യങ്ങളുടെ ഉണങ്ങിയ വേരുപടലങ്ങൾ
- സിരാവിന്യാസം വ്യക്തമായി കാണാൻ കഴിയുന്ന ഉണങ്ങിയ ഇലകൾ

എന്നിവയും ശേഖരിച്ച് ആൽബങ്ങൾ തയ്യാറാക്കുന്നു.

8. ചരിത്രത്തിലേയ്ക്ക്

- കേരളത്തിന്റെ ഭൂപടം നോക്കി ജില്ലകളുടെ പേരുകൾ പട്ടികപ്പെടുത്തുന്നു.
- നമ്മുടെ ജില്ലയെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് എഴുതുന്നു
- ഇന്ത്യൻ സംസ്ഥാനങ്ങൾ, തലസ്ഥാനങ്ങൾ, ഭാഷ എന്നിവ കണ്ടെത്തുന്നു.
- ഓരോ സംസ്ഥാനത്തിന്റെ സവിശേഷതകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുന്നു
- കേരളത്തിലെ കലാരൂപങ്ങൾ തിരിച്ചറിയുന്നു
- കുറിപ്പ് തയ്യാറാക്കുന്നു.
- കേരളത്തിലെ ആഘോഷങ്ങൾ പട്ടികപ്പെടുത്തുന്നു.
- ഭൂപടത്തിൽ ചിഹ്നങ്ങൾ ഉപയോഗിച്ച് വിഭവങ്ങൾ അടയാളപ്പെടുത്തുന്നു.

9. ദിനാചരണം / പരിസ്ഥിതി ദിനം

- വൃക്ഷത്തൈ നടൽ, വിതരണം ചെയ്യൽ, പോസ്റ്റർ രചന, ബോധവല്ക്കരണ ക്ലാസ് എന്നിവ നടത്തുന്നു.

# English

Acquiring mastery of English language is a difficult proposition, that is the general feeling of the society. But by doing various activities people can acquire knowledge in English. Teacher should provide English atmosphere in the class room. This will enable the children to speak English confidence.

## Objectives

1. To enable the students to speak English with confidence.
2. To make the class more interesting and effective
3. To comprehend the ideas of the lesson.
4. To listen the simple rhymes and ~~recite~~ say the rhymes
5. To ~~increase~~ enhance communication skill.
6. To develop listening, speaking, reading and writing skills in English [illegible]

7. To enrich vocabulary
8. To read and identify letters, words, sentences
9. To introduce themselves, family, school, etc.
10. To write description based on the pictures
11. To role play the conversation
12. To prepare my English world.
13. To prepare suppliment text book.

| Sl. No | Activity | Duration | Class | Objective |
|---|---|---|---|---|
| 1 | Magic English | June to February | 1-4 | 1,2 |
| | • Pre test | June, July | 3, 4 | |
| | • Word Cards | | | |
| | • Identify the letters | | | |
| | • Capital and small letters | | | |
| | • Identify the words | June - February | 1,2 | |
| | • Sentence making - oral | | | |
| | • Find words from the table | | | |
| | • Reading simple words | | | |
| | • Write name | | | |
| | • ICT | | | |
| 2. | Introduce yourself | | | |
| | • Introduce their name, Class, teachers, family | June - February | 1-4 | 1, 6, 9 |
| | • Read simple sentences | | | |
| | • Identify things and say about it. | | | |
| | • Use formal language in the class room. | | | |
| | • Write posters in English | | | |
| | • Read the lesson in TB | | | |
| | • Picture reading | | | |
| | • Conversation in simple English | | | |

| Sl: No | Activity | Duration | Class | Objective |
|---|---|---|---|---|
| 1 | Magic English | June to February | 1-4 | 1,2 |
| | • Pre test | June, July | 3, 4 | |
| | - Word cards | | | |
| | • Identify the letters | | | |
| | • Capital and small letters | | | |
| | • Identify the words | June - February | 1,2 | |
| | - Sentence making - oral | | | |
| | • Find words from the table | | | |
| | • Reading simple words | | | |
| | • Write name | | | |
| | • ICT | | | |
| 2. | Introduce yourself | | | |
| | • Introduce their name, Class, teachers, family | June - February | 1-4 | 1, 6, 9 |
| | • Read simple sentences | | | |
| | • Identify things and say about it. | | | |
| | • Use formal language in the class room. | | | |
| | • Write posters in English | | | |
| | • Read the lesson in TB | | | |
| | • Picture reading | | | |
| | • Conversation in simple English. | | | |

| Sl. No | Activity | Duration | Class | Objective |
|---|---|---|---|---|
| 3. | Rhyme making<br>. Add more lines<br>. Read the simple rhymes<br>. Recite the rhymes<br>. Say the rhyme with proper action<br>. Introduce rhyme in single or group<br>. Write simple poem of their own<br>. Role plays<br>. Write simple descriptions based ~~on~~ on picture. | June-February | 1-4 | 4,10, 6,11 |
| 4. | Cursive writing<br>. Running letters<br>- Reading cards<br>. Reading ~~corder~~ corner<br>. Greeting cards<br>. Birthday cards<br>. Dictionary<br>. Write simple conversation | June-February | 1-4 | 3,5 6,7 |
| 5. | Assembly | | | |
| 6. | Balasabha | | | |

# Project - English

1. Pre - Test
To recognize the level of the children in English language.
2. Word cards
To read simple words
3. Letters
To identify the capital and small letters.
4. Picture reading
To identify pictures and try to say in English.
5. ICT
To play rhymes, skits in class room
6. Introduce themselves
To introduce themselves, family, school
7. Formal language
To develop formal language in the class.
8. Role play
To roleplay the conversation in the class.

9. Add more lines

To add more lines to the poem. Read the simple rhymes. Recite the rhyme in single or group.

10. Reading corner

Read story books from the class library. Reads English news papers / simple sentences / captions. Read like magic pot.

11. Reading cards

Reads the sentence cards write description on picture.

12. Greeting cards / birthday cards.

Collect greeting cards, find messages, lay out, pictures etc.

13. Dictionary

Make dictionary, picture dictionary.

14. Conversation

Make conversation according to the incident

15. Assemby

- Conduct English assembly.

16. Balasabha. To conduct English Balasabha once in a month.

# ആരോഗ്യ-കായിക വിദ്യാഭ്യാസം

## ആമുഖം

ഒരു വ്യക്തിയുടെ വികസന പ്രക്രിയയിൽ ആരോഗ്യ- കായിക വിദ്യാഭ്യാസത്തിന് അതുല്യമായ സ്ഥാനമാണുള്ളത്. കുട്ടിയുടെ ശാരീരികവും മാനസികവും സാമൂഹികവും വൈകാരികവുമായ വികാസത്തിന് പാഠ്യപദ്ധതി അവസരം ഒരുക്കുന്നു.

## ലക്ഷ്യങ്ങൾ

1. കുട്ടിയുടെ ആരോഗ്യ- കായിക വികസനഘട്ടങ്ങളെ ശാസ്ത്രീയമായി പോഷിപ്പിക്കുകയും ആരോഗ്യകരമായ ജീവിതശൈലീശീലങ്ങളും മനോഭാവങ്ങളും വളർത്തുകയും ചെയ്യുക.
2. ശരീരചലനം നിയന്ത്രിക്കുന്ന വിവിധ ഘട്ടങ്ങൾ തിരിച്ചറിയുകയും ശരീരത്തെ സർഗാത്മകമായ ചലനങ്ങൾക്കുള്ള ഉപാധിയായി വികസിപ്പിക്കുകയും ചെയ്യുക.
3. വിവിധ സന്ദർഭങ്ങളിൽ ഉചിതമായ രീതിയിൽ ശരീരത്തെ ചലിപ്പിക്കാനുള്ള ശേഷികൾ ആർജിക്കുക.

| ക്രമ നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1 | Health chart<br>കുട്ടികളുടെ ആരോഗ്യവും ശുചിത്വവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചാർട്ടിൽ രേഖപ്പെടുത്തി ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. | ജൂൺ | 1- 4 | 1 |
| 2. | Health card<br>ഓരോ കുട്ടിയുടെയും ആരോഗ്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എഴുതിയ Health card ക്ലാസ്സുകളിൽ തയ്യാറാക്കുന്നു. | ജൂലൈ | 1-4 | 1 |
| 3. | Noon meal<br>പോഷകപ്രദാനമായ ഉച്ചഭക്ഷണം നൽകുന്നു. | ജൂൺ-മാർച്ച് | 1-4 | 1 |
| 4. | ആരോഗ്യപ്രവർത്തകർ<br>Health department-ൽ നിന്ന് check up നടത്തുന്നു. ബോധവല്ക്കരണ ക്ലാസ്സ് കുട്ടികൾക്ക് നൽകുന്നു. Height, weight എന്നിവ എടുക്കുന്നു. | ജൂൺ-മാർച്ച് | 1-4 | 1 |
| 5. | PT period<br>ആഴ്ചയിൽ ഒരു പീരിയഡ് കായികപഠനത്തിനായി ഉപയോഗിക്കുന്നു. Indoor games/out door games നടത്തുന്നു. | | | |

| ക്രമ നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
| --- | --- | --- | --- | --- |
| 6 | കായിക ഉപകരണങ്ങൾ പരിചയപ്പെടുത്തുന്നു. | സെപ്റ്റംബർ | 1-4 | |
| 7. | ഓണം, ക്രിസ്മസ്, ശിശുദിനം തുടങ്ങിയ ആഘോഷങ്ങൾക്ക് കായികമത്സരങ്ങൾ നടത്തുന്നു. | ആഗസ്റ്റ്-ഡിസംബർ | 1-4 | 3 |

# കലാപഠനവും പ്രവൃത്തിപരിചയ പഠനവും

## ആമുഖം

സർഗാത്മകത, നിരീക്ഷണ പാടവം, തുടങ്ങിയവ കുട്ടികളിൽ വളർത്താൻ കലാപഠനം അത്യന്താപേക്ഷിതമാണ്. പാഠ്യപദ്ധതിയിൽ കലാപഠനത്തിന് സംഗീതം, നൃത്തം, നാടകം, ചിത്രരചന, സിനിമ എന്നീ ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

വൈകാരികവും വൈജ്ഞാനികവുമായ മേഖലകളുടെ സമന്വയവും വികാസവും സാധ്യമാക്കുന്നതിന് പ്രവൃത്തിപരിചയ വിദ്യാഭ്യാസം അനിവാര്യമാണ്. തൊഴിലിനോട് ആഭിമുഖ്യമുള്ളതും തൊഴിൽ ചെയ്യുന്നവരെ ആദരിക്കുന്നതും സാമൂഹിക ബോധമുള്ള പുതിയ ഒരു തൊഴിൽ സംസ്കാരത്തിന്റെ വക്താക്കളാക്കി പുതിയ തലമുറയെ വാർത്തെടുക്കുന്നതിനും പ്രവൃത്തി പരിചയ പഠനം സഹായിക്കുന്നു.

## ലക്ഷ്യങ്ങൾ

1. പഠിതാവിന്റെ നൈസർഗ്ഗികമായ കലാവാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക
2. വിവിധങ്ങളായ കലകളെ അറിയുന്നതിനും കുട്ടികളുടെ

അഭിരുചിക്കനുസരിച്ച് അവ അഭ്യസിക്കുന്ന
തിനുമുള്ള അവസരങ്ങൾ ഒരുക്കുക.
3. കുട്ടികളിൽ തൊഴിലിനോടുള്ള ആഭിമുഖ്യം
വളർത്തുന്നതിന്
4. മറ്റു വിഷയങ്ങളുടെ പഠനം ഫലപ്രദ
മാക്കുന്നതിന് പഠനബോധന സാമഗ്രികൾ
തയ്യാറാക്കുന്നതിന്
5. വിദ്യാലയ ശുചീകരണം, സൗന്ദര്യവല്-
ക്കരണം എന്നിവയ്ക്ക് നേതൃത്വം നൽകു
ന്നതിന്

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1. | ടാലന്റ് ലാബ്<br>കുട്ടികളുടെ കലാവാസനകൾ തിരിച്ചറിഞ്ഞ് തരംതിരിക്കുന്നു. അഭിരുചിക്കനുസരിച്ച കലകളിൽ പരിശീലനം നൽകുന്നു. മികച്ച നിലവാരം പുലർത്തുന്ന കുട്ടികൾക്ക് മേളകളിൽ പങ്കെടുക്കാനുള്ള അവസരം നൽകുന്നു. | ജൂൺ-ഡിസംബർ | 1-4 | 1, 2 |
| 2. | കൗതുക വസ്തുക്കളുടെ നിർമാണം<br>ചുറ്റുപാടിൽ നിന്നും ലഭിക്കുന്ന വസ്തുക്കളുപയോഗിച്ച് വിവിധ കൗതുകവസ്തുക്കൾ നിർമിക്കുന്നു.<br>ഓല, ചിരട്ട, പനയോല etc.<br>മുത്തുകൾ, വളപ്പൊട്ടുകൾ, സ്വീക്വൻസുകൾ, കക്കകൾ, തുണികൾ എന്നിവ ഉപയോഗിച്ച് കൗതുകവസ്തുക്കൾ, കൊളാഷ് ചിത്രങ്ങൾ എന്നിവ നിർമിക്കുന്നു. | ജൂൺ-ജനുവരി | 1-4 | 3 |
| 3. | vegetable printing<br>തൂവാല, ഷാൾ, മേശവിരികൾ, കർട്ടൻ തുടങ്ങി | | | |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| | വഴിൽ അലങ്കാരപ്പണികൾ ചെയ്യുന്നു. | | | |
| 4. | ആൽബം നിർമ്മാണം<br>പോസ്റ്റാമ്പുകൾ, നാണയങ്ങൾ, പക്ഷികൾ, മൃഗങ്ങൾ, വിവിധയിനം വീടുകൾ എന്നിവയുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുന്നു | ജൂൺ-ഫെബ്രുവരി | 1/4 | 4 |
| 5. | തോരണങ്ങൾ നിർമ്മിച്ച് ആഘോഷവേളകളിൽ അലങ്കരിക്കുന്നു. ക്ലാസ്സും പരിസരവും ശുചിയാക്കുന്നു.<br>വിവിധയിനം കൂടുകൾ ശേഖരിക്കുന്നതിനും ചിത്രങ്ങൾ വരച്ച് ചായമിടുന്നതിനും | ജൂൺ-മാർച്ച് | 1-4 | 5 |
| 6. | ബാലസഭ<br>കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കാൻ എല്ലാ വെള്ളിയാഴ്ചയും അവസാനത്തെ പീരിയഡ് ബാലസഭ നടത്തുന്നു. | | | |

# Talent Lab

വ്യത്യസ്തമായ സാമൂഹിക സാമ്പത്തിക പശ്ചാത്തലവും ശാരീരികവും മാനസികവും ബൗദ്ധികവുമായ കഴിവുകളുമുള്ള എല്ലാ കുട്ടികൾക്കും കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള ഒരു ഇടമാണ് ടാലന്റ് ലാബ്. വിദ്യാരംഗം കലാ സാഹിത്യവേദി (ഭാഷാക്ലബ്ബ്) English club, Science club, Maths club ഇടങ്ങിയവ ഇതിനുള്ള അവസരങ്ങൾ ഒരുക്കുന്നു.

## ലക്ഷ്യങ്ങൾ

(കലാകായിക പ്രവൃത്തി)

1. ഭാഷ, ശാസ്ത്രം, ഗണിതം, എന്നി വിഷയങ്ങളിൽ കഴിവുള്ള കുട്ടികളെ വാർത്തെടുക്കുക.
2. ശാസ്ത്ര സാങ്കേതിക മേഖലയിൽ പ്രതിഭകളെ വാർത്തെടുക്കുക
3. കലയിലൂടെ പഠനം എളുപ്പമാക്കുക
4. അവതരണശേഷി വർദ്ധിപ്പിക്കുക
5. നേതൃത്വപാടവം ഉണ്ടാക്കുക
6. സഭാകമ്പം മാറ്റുക. ആത്മവിശ്വാസം വർദ്ധിപ്പിക്കുക
7. പഠനമികവ് പങ്കുവയ്ക്കുക.

# പ്രവർത്തന വിശദാംശം

1 പാട്ടുക്കൂട്ടം

പാടാൻ കഴിവുള്ളവരെ കണ്ടെത്തുന്നു. അവതരിപ്പിക്കാൻ അവസരം നൽകുന്നു. ഗ്രൂപ്പാക്കുന്നു, പരിശീലനം നൽകുന്നു. കലാമത്സരങ്ങളിൽ പങ്കെടുക്കാൻ തയ്യാറാക്കുന്നു. ഭിന്നശേഷിക്കാർക്കും അവസരം കൊടുക്കുന്നു.

2. ടാലന്റ് ഡിസ്പ്ലേ ബോർഡ്

കുട്ടികളുടെ ഫോട്ടോ ചാർട്ടിൽ ഒട്ടിച്ച് അവരുടെ കഴിവുകൾ എഴുതുന്നു. ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.

3. അഭിനയിക്കാം

അഭിനയത്തിൽ താല്പര്യം ഉള്ളവരെ കണ്ടെത്തി അതിനുള്ള അവസരം ഭാഷാ ക്ലബ്ബിൽ നൽകുന്നു. കൂടാതെ ബാലസഭയിലും ക്ലാസ്സ് പ്രവർത്തനങ്ങളിലും അവസരം നൽകുന്നു.

4. ഗണിത ക്ലബ്

ഗണിത പാട്ടുകൾ, ക്വിസ്, ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ, കുസൃതിക്കണക്ക് തുടങ്ങിയ

ഗണിത പ്രവർത്തനങ്ങൾ നൽകുന്നു.

5. ശാസ്ത്ര ക്ലബ്ബ്

ശാസ്ത്ര വിഷയങ്ങളിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തുന്നു. പരീക്ഷണങ്ങൾ, ക്വിസ്, പാട്ട് എന്നിവ നൽകുന്നു.

6. സാഹിത്യമഞ്ജരി (ഭാഷാ ക്ലബ്ബ്)

കവിതകൾ, കഥകൾ എന്നിവ സ്വന്തമായി എഴുതുന്നതിന് കഴിവുള്ളവരെ കണ്ടെത്തുന്നു. അവർക്ക് പരിശീലനം നൽകുന്നു. കവികളെ പരിചയപ്പെടാൻ അവസരം കൊടുക്കുന്നു. നാടൻപാട്ട് അവതരിപ്പിക്കാൻ താല്പര്യമുള്ള കുട്ടികൾക്ക് അതിനുള്ള അവസരവും നൽകുന്നു.

7. English club

Story telling, Rhymes, Role plays, Add more lines, Choreography, Description based on picture, Making paper boat, Introducing English poets, Album etc.

# ക്ലാസ്സ് പി ടി എ

**ലക്ഷ്യം**

പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കൽ

**പ്രവർത്തനങ്ങൾ**

- പ്രതിമാസ കൂടിച്ചേരൽ
- പങ്കാളിത്തം ഉറപ്പാക്കൽ
- പഠനനേട്ടങ്ങൾ ചർച്ച
- ബോധവൽക്കരണ ക്ലാസ്സ്
- ശില്പശാല
- മൂല്യനിർണയത്തെക്കുറിച്ച് ധാരണ
- തുടർ പ്രവർത്തനങ്ങളിൽ പങ്കാളിത്ത
- ക്ലാസ്സ് പ്രവർത്തനങ്ങളിൽ ICT യുടെ ഉപയോഗം
- ലഘുഭക്ഷണം

# പ്രവർത്തന വിശദാംശം

## ഉടൻ നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങൾ

- വായനക്കൂട്ടം
- എഴുത്തുക്കൂട്ടം (കൈയ്യെഴുത്തു മാസിക)
- ക്ലബ്ബ് പ്രവർത്തനങ്ങൾ
- മലയാളത്തിളക്കം
- റഫറൻസ് പുസ്തകം

ന്ന
ളി
യുടെ

# ഉപസംഹാരം

അടുത്ത വർഷത്തേക്ക് വിദ്യാലയത്തിൽ നടപ്പാക്കേണ്ട എല്ലാ പ്രവർത്തനങ്ങളുടെയും അധികാര രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. അക്കാദമികവും ഭൗതികവും സാമൂഹികവുമായ കാര്യങ്ങൾ ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. ഇത് തയ്യാറാക്കാൻ വേണ്ടി പ്രവർത്തിച്ച SRG അംഗങ്ങൾ, HM, PTA, MPTA എന്നിവർക്കെല്ലാം നന്ദി രേഖപ്പെടുത്തുന്നു. ഇതിലെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാകാൻ MP, MLA, തദ്ദേശ സ്വയം ഭരണ സ്ഥാപന അധികാരികൾ, മാനേജ്മെന്റ്, നാട്ടുകാർ, പൂർവ വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ എന്നിവരുടെ സഹായവും സഹകരണവും അഭ്യർത്ഥിക്കുന്നു.